ചികിത്സയ്ക്ക് അനുവദിച്ച തുക നൽകാതിരിക്കാനുള്ള കാരണം

133 (2074) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് മുത്തേടത്ത് ഹൈസ്കൂൾ ടീച്ചറായിരുന്ന കെ.വി.പി. പാറുക്കുട്ടിയുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് ജി.ഒ. (ആർ.ടി.) നമ്പർ 5379/99/ജന. എഡ്യൂക്കേഷൻ, തീയതി. 10-12-1999 ഉത്തരവ് പ്രകാരം മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ അനുവദിച്ച തുക ഇതുവരെ ടീച്ചർക്ക് നൽകിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തുക നൽകാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) മേൽ തുക എന്ന് നൽകാനാകും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മതിയായ ബഡ്ജറ്റ് അലോട്ട്മെന്റ് ലഭ്യമല്ലാത്തതിനാലാണ് തുക ഇതുവരെയും നൽകാൻ കഴിയാതിരുന്നത്.

(ഡി) സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീമതി എസ്. ശോഭ എരുമേലിയുടെ നിയമനം അംഗീകരിക്കുന്നതിന് നടപടി

134 (2075) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലൂപ്പാറ നിയോജക മണ്ഡലത്തിൽ ഓതാ മുറിയിൽ ഗീതാഭവനിൽ ശ്രീമതി എസ്. ശോഭ എരുമേലി ദേവസ്വം ബോർഡ് ഹൈസ്ക്കൂളിൽ അദ്ധ്യാപികയായി 6-6-1992 മുതൽ ജോലി ചെയ്തിരുന്ന രണ്ട് വർഷത്തെ നിയമനം അംഗീകരിച്ച് ശമ്പളം കൊടുക്കാത്തതിന്റെ കാരണങ്ങളും ആയതിന്റെ സാഹചര്യവും എന്താണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന റിട്ട് അപ്പീലിന്മേൽ ഗവൺമെന്റ് വാദം കേട്ട ശേഷം ശോഭയുടെ നിയമനം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ ;

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവനുസരിച്ച് വാദം കേട്ടശേഷം ശോഭയുടെ നിയമനം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയശേഷം

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയുടെ മറ്റൊരുത്തരവില്ലാതെ സർക്കാർ ഉത്തരവ് റിവ്യൂ ചെയ്തത് കോടതിയലക്ഷ്യത്തിന്റെ പരിധിയിൽ വരുമെന്ന് സർക്കാർ പരിശോധിച്ചിട്ടുള്ള താണോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ശ്രീമതി എസ്. ശോഭയുടെ 4-6-1992 മുതൽ എൽ.പി. സ്കൂൾ അസിസ്റ്റന്റായുള്ള നിയമനം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 എ യിൽ റൂൾ '51 എ' അവകാശികളെ മറികടന്നുള്ളതാകയാൽ നിയമനം അംഗീകരിക്കുകയുണ്ടായില്ല.

(ബി) റിട്ട് അപ്പീൽ ഫയൽ ചെയ്തതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ ദേവസ്വം സെക്രട്ടറിയുടെ പിരിച്ച്വിടൽ ഉത്തരവിനെതിരായി ശ്രീമതി നിർമ്മല, ശ്രീമതി ശോഭ തുടങ്ങിയവർ ഹൈക്കോടതിയിൽ 12075/92 എന്ന നമ്പർ ഒ.പി. ഫയൽ ചെയ്തിരുന്നു. ശ്രീമതി നിർമ്മലയും മറ്റ് രണ്ട് പേരും സർക്കാർ മുൻപാകെ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജി കോടതി നിർദ്ദേശം അനുസരിച്ച് സർക്കാർ തീർപ്പ് കല്പിക്കുകയും ജി.ഒ. (ആർ.റ്റി.) നം. 1950/93/പൊവി. തീയതി 28-5-1993 പ്രകാരം ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

എന്നാൽ മേൽപ്പറഞ്ഞ ഉത്തരവിനെതിരായി ട്രാവൻകൂർ ദേവസ്വം ബോർഡ് സർക്കാർ മുമ്പാകെ റിവ്യൂ പെറ്റീഷൻ നല്കുകയും ആയത് വിശദമായി പരിശോധിക്കുകയും ശ്രീമതി ശോഭയുൾപ്പെടെ ബന്ധപ്പെട്ട എല്ലാപേർക്കും നിയമാനുസൃത നോട്ടീസ് നല്കുകയും 1994-ൽ പേഴ്സണൽ ഹിയറിംഗ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് റിവൈസ് ചെയ്തുകൊണ്ട് 13-9-1994-ൽ ജി.ഒ. (ആർ.റ്റി.) 3481/94/പൊ.വി. എന്ന നമ്പരിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ 4-6-1992 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ശോഭ വീണ്ടും സർക്കാർ മുമ്പാകെ നിവേദനം നല്കുകയും ആയത് സർക്കാർ വിശദമായി പരിശോധിക്കുകയും 18-11-1995-ൽ പേഴ്സണൽ ഹിയറിംഗ് നടത്തുകയും കേരള വിദ്യാഭ്യാസചട്ടങ്ങളിലെ അദ്ധ്യായം 14 എ-യിലെ റൂൾ 51-എ പ്രകാരം ശ്രീമതി ശോഭയുടെ അവകാശവാദം അംഗീകരിക്കാൻ കഴിയാത്തതിനാൽ 8-2-1996-ലെ ജി. ഒ. (ആർ.റ്റി.) നമ്പർ 504/96/പൊ.വി. നമ്പർ ഉത്തരവിൻ പ്രകാരം ശ്രീമതി ശോഭയുടെ നിവേദനം നിരസിക്കുകയും ചെയ്തു.

കൂടാതെ ശ്രീമതി ശോഭ നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ പ്രസ്തുത ആവശ്യം ഉന്നയിക്കുകയും ആയത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം അംഗീകരിക്കുവാൻ കഴിയുകയില്ലെന്ന വിവരം 6-1-2003-ലെ സർക്കാർ കത്തിൻ പ്രകാരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ കേരള നിയമസഭ സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി & ഡി) നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കുമനുസൃതമായിട്ടാണ് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly